**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2513** **04-03-2025 - ൽ മറുപടിയ്ക്ക്**

**ഒരു കുടുംബം ഒരു സംരംഭം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ** | | **ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | ഒരു കുടുംബം ഒരു സംരംഭം പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ; | (എ) | ഉല്പാദന, സേവന, വ്യാപാര മേഖലയിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് എടുക്കുന്ന ബാങ്ക് വായ്പയിൽ 10 ലക്ഷം വരെയുള്ള വായ്പക്കു പലിശ ഇളവ് നൽകുന്നതിനാണ് ഒരു കുടുംബം ഒരു സംരംഭം പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. പദ്ധതിയിൽ ബാങ്ക് വായ്പയുടെ പലിശ നിരക്കിൽ 4 % ൽ അധികരിച്ചുള്ള പലിശയിൽ 6% വരെ ഇളവ് ധനസഹായമായി നൽകുന്നു. 01.04.2022 ന ശേഷം ആരംഭിച്ച ഉല്പാദന, സേവന, വ്യാപാര മേഖലയിലെ യൂണിറ്റുകൾക്കാണ് പദ്ധതി പ്രകാരം പലിശയിളവ് ആനുകൂല്യം ലഭ്യമാകുന്നത്. ലോൺ വിതരണം ചെയ്ത തീയതി മുതൽ 5 വർഷം വരെ പലിശ സബ്സിഡി ആനുകൂല്യം ലഭിക്കുന്നു. 6മാസം/12 മാസക്കാലയ ഉവിലുള്ള ബാങ്ക് ലോണിന്റെ പലിശയിളവിനാണ് അപേക്ഷകന് ഓരോ തവണയും അപേക്ഷിക്കുവാൻ കഴിയുക. അപേക്ഷ സമർപ്പിക്കുന്ന സമയത്ത് യൂണിറ്റ് പ്രവർത്തനനിരതമായിരിക്കണം. |
| (ബി) | പ്രസ്തുത പദ്ധതി പ്രകാരം സംസ്ഥാനത്ത് എത്ര സംരംഭകർക്ക് സഹായം ലഭിച്ചിട്ടുണ്ടെന്ന് ജില്ലാടിസ്ഥാനത്തിൽ വിശദമാക്കുമോ; | (ബി) | "ഒരു കുടുംബം ഒരു സംരംഭം" പദ്ധതി പ്രകാരം ജില്ലാടിസ്ഥാനത്തിൽ സഹായം ലഭിച്ച സംരഭകരുടെ എണ്ണം |

| ക്രമ നം. | ജില്ല | സംരംഭകരുടെ എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 145 |
| 2 | കൊല്ലം | 280 |
| 3 | പത്തനംതിട്ട | 191 |
| 4 | ആലപ്പുഴ | 246 |
| 5 | കോട്ടയം | 118 |
| 6 | ഇടുക്കി | 154 |
| 7 | എറണാകുളം | 242 |
| 8 | തൃശ്ശൂർ | 168 |
| 9 | പാലക്കാട് | 255 |
| 10 | മലപ്പുറം | 273 |

| | | |
|---|---|---|
| 11 | കോഴിക്കോട് | 202 |
| 12 | വയനാട് | 172 |
| 13 | കണ്ണൂർ | 174 |
| 14 | കാസർഗോഡ് | 132 |
| | **ആകെ** | **2752** |

| | | | |
|---|---|---|---|
| (സി) | വൈപ്പിൻ മണ്ഡലത്തിൽ പ്രസ്തുത പദ്ധതി പ്രകാരം എത്ര സംരംഭകർക്ക് സഹായം ലഭിച്ചിട്ടുണ്ടെന്നും ആർക്കൊക്കെയാണെന്നും അറിയിക്കുമോ? | (സി) | വൈപ്പിൻ മണ്ഡലത്തിൽ 11 സംരംഭകർക്ക് "ഒരു കുടുംബം ഒരു സംരംഭം" പദ്ധതി പ്രകാരം സഹായം ലഭിച്ചിട്ടുണ്ട്. സംരംഭകരുടെ വിവരം ചുവടെ ചേർക്കുന്നു.<br>1. വൈഷ്ണവം ഹാർഡ് വേയേഴ്സ്<br>2. ടാറ്റ ടൈഗർ എക്സ്പ്രെസ്സ് ടീ<br>3. മയിൽവാഹനം ഇ-ഓട്ടോറിക്ഷ സർവ്വീസസ്<br>4. ആന്റണീസ് ഓട്ടോറിക്ഷാ സർവ്വീസസ്<br>5. വയലറ്റ് ബൊട്ടീക്ക്<br>6. ദീപേഷ് റ്റി.ഡി.<br>7. അഗസ്റ്റിൻ ജിയോ കെ.ജി.<br>8. രാജേഷ് പി.ആർ.<br>9. ഫോർച്യൂൺ ട്രേഡേഴ്സ്<br>10. കൗസ്തുഭം ഹോം അപ്ലൈയൻസസ്<br>11. ന്യൂ ലൈഫ് കിഡ്സ് |

സെക്ഷൻ ഓഫീസർ